നങ്ങളുടേയും മറ്റും സഹായം വേണ്ടിവരിക. നിലവിലുള്ള പദ്ധതികൾ തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളിൽ നിക്ഷിപ്തമാക്കിയാലും ഇത്തരം ധന സഹായങ്ങൾ തുടർന്നും ലഭ്യമാകുമെന്ന് കരുതുന്നു.

19 (*326) സംസ്ഥാനത്തെ വ്യവസായ വികസന സമിതികൾ

ശ്രീമതി ജെ. മെഴ്സിക്കുട്ടി അമ്മ :

ശ്രീ. എ. കണാരൻ :

ശ്രീ. എൻ. കണ്ണൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വ്യവസായവും സാമൂഹ്യക്ഷേമവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) സംസ്ഥാനത്ത് ഗ്രാമപഞ്ചായത്ത് അടിസ്ഥാനത്തിലും ജില്ലാ പഞ്ചായത്ത് അടിസ്ഥാനത്തിലും വ്യവസായ വികസന സമിതികൾക്ക് രൂപം നൽകിയിട്ടുണ്ടോ;

(ബി) എങ്കിൽ പ്രസ്തുത സമിതികളുടെ ഉദ്ദേശ്യലക്ഷ്യങ്ങൾ എന്തെല്ലാം എന്ന് വെളിപ്പെടുത്തുമോ;

(സി) വ്യവസായ വികസന സമിതികളുടെ ഘടന എന്തെന്നു വ്യക്തമാക്കുമോ;

(ഡി) വ്യവസായ വളർച്ചാ സമിതികളുടെ ഉൽപ്പന്നങ്ങൾ സംഭരിക്കാനും വിറ്റഴിക്കാനും എന്തൊക്കെ സംവിധാനങ്ങളാണ് ഏർപ്പെടുത്താനുദ്ദേശിക്കുന്നതെന്ന് വിശദീകരിക്കുമോ?

വ്യവസായവും സാമൂഹ്യക്ഷേമവും വകുപ്പുമന്ത്രി (ശ്രീമതി സുശീലാ ഗോപാലൻ) :

(എ) സംസ്ഥാനത്ത് ഗ്രാമപഞ്ചായത്ത് അടിസ്ഥാനത്തിൽ വ്യവസായ വികസന സമിതിക്ക് രൂപം നൽകിയിട്ടുണ്ട്. എന്നാൽ ജില്ലാ പഞ്ചായത്ത് അടിസ്ഥാനത്തിൽ രൂപം നൽകിയിട്ടില്ല.

(ബി) ഗ്രാമപഞ്ചായത്തു വ്യവസായ വികസന സമിതിയുടെ ഉദ്ദേശ്യ ലക്ഷ്യങ്ങൾ ചുവടെ ചേർക്കുന്നു.

1. പ്രാദേശിക വ്യവസായ വികസനത്തിനുള്ള പദ്ധതി തയ്യാറാക്കുക.

2. വ്യവസായ സംരംഭകത്വ ബോധവൽക്കരണം, വർക്ഷോപ്പ്, ശിൽപ്പശാലകൾ എന്നിവയുടെ നടത്തിപ്പ്.

3. വ്യവസായ സംബന്ധമായ വിവരങ്ങൾ ശേഖരിക്കുകയും അത് ആവശ്യക്കാർക്ക് ലഭ്യമാക്കുകയും ചെയ്യുക.

4. വ്യവസായ വളർച്ചയ്ക്കാവശ്യമായ പൊതു സൗകര്യ കേന്ദ്രങ്ങൾ, അടിസ്ഥാനസൗകര്യങ്ങൾക്ക് വ്യവസായ സമൂഹങ്ങൾ എന്നിവ സ്ഥാപിക്കുന്നതിനുള്ള നിർദ്ദേശങ്ങൾ വയ്ക്കുക.

5. ധനകാര്യ സ്ഥാപനങ്ങൾ, സർക്കാർ ഏജൻസികൾ, ഇടപാടുകാർ എന്നിവരെ തമ്മിൽ സമന്വയിപ്പിക്കുക.

6. വിപണന സൗകര്യങ്ങൾ ഏർപ്പെടുത്തൽ.

LIBRARY ARCHIVES Kerala Legislative Assembly

(സി) സംസ്ഥാന തലത്തിലും ജില്ലാതലത്തിലും ഗ്രാമപഞ്ചായത്തു തലത്തിലുമുള്ള വ്യവസായ വികസന സമിതിയുടെ ഘടന അനുബന്ധ മായി നൽകിയിരിക്കുന്നു+

(ഡി) ബാധകമല്ല. വ്യവസായ വളർച്ചാ സമിതികൾ ഉൽപ്പന്ന നിർമ്മാണം നടത്തുന്ന സമിതിയല്ല. പ്രോത്സാഹന സമിതിയാണ്.

20 (*327) കൈത്തറി സഹകരണ സംഘങ്ങൾക്കുള്ള റിബേറ്റ്

ഡോ. എം.എ. കുട്ടപ്പൻ :

ശ്രീ. കെ.കെ. രാമചന്ദ്രൻ മാസ്റ്റർ :

ശ്രീ. പി.ജെ. ജോയി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വ്യവസാ യവും സാമൂഹ്യക്ഷേമവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) കൈത്തറി സഹകരണ സംഘങ്ങൾക്ക് ഗവൺമെന്റ് കൊടു ത്തുതീർക്കുവാനുള്ള റിബേറ്റ് എത്രയാണെന്ന് വ്യക്തമാക്കുമോ;

(ബി) ഇത് എന്നുമുതലുള്ളതാണെന്ന് വിശദീകരിക്കുമോ;

(സി) ഈ തുക എന്നത്തേയ്ക്ക് കൊടുത്തുതീർക്കുവാൻ കഴിയു മെന്ന് അറിയിക്കുമോ;

(ഡി) ഈ തുക കൊടുക്കാത്തതുകൊണ്ട് സഹകരണ സംഘങ്ങൾ പ്രതിസന്ധി നേരിട്ടുകൊണ്ടിരിക്കുകയാണെന്ന കാര്യം ഗവൺമെന്റിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ?

വ്യവസായവും സാമൂഹ്യക്ഷേമവും വകുപ്പുമന്ത്രി (ശ്രീമതി സുശീലാ ഗോപാലൻ) :

(എ) 13 ജില്ലകളിലെ റിബേറ്റ് ക്ലെയിം ഇതുവരെ പരിശോധിച്ചു കഴിഞ്ഞ സംഘങ്ങൾക്കായി 24.69 കോടിയോളം രൂപ കൊടുത്തുതീർക്കാ നുണ്ട്. പരിശോധന നടന്നുവരുന്നു.

(ബി)

തിരുവനന്തപുരം ജില്ല	-	94-95 മുതൽ
കൊല്ലം	-	96-97 മുതൽ
ആലപ്പുഴ	-	97-98 മുതൽ
പത്തനംതിട്ട	-	97-98 മുതൽ
ഇടുക്കി	-	97-98 മുതൽ
കോട്ടയം	-	96-97 മുതൽ
എറണാകുളം	-	95-96 മുതൽ
തൃശ്ശൂർ	-	95-96 മുതൽ
പാലക്കാട്	-	95-96 മുതൽ
മലപ്പുറം	-	97-98 മുതൽ
കോഴിക്കോട്	-	94-95 മുതൽ
കണ്ണൂർ	-	94-95 മുതൽ
കാസർഗോഡ്	-	96-97 മുതൽ

+ ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly